മനസ്സ് വിചാരദീപ്തമാകുമ്പോൾ

മനസ്സിനും ബുദ്ധിയ്ക്കുമുള്ള മുതല്ക്കൂട്ടാണ് വികാസം, ഉദാരത, ഉത്തുംഗത, വാത്സല്യം, കാരുണ്യം, അനുഭാവം എന്നീ ഗുണമൂല്യങ്ങൾ. എത്ര ഉദാരമായി പെരുമാറുന്നുവോ അത്രയും സുന്ദരസുന്ദരവും ശ്രേഷ്ഠശ്രേഷ്ഠവുമാകുന്നു മനസ്സ്. (പേജ് 67)

എന്തു വിഷമത്തേയും പെരുപ്പിച്ചു കാണിയ്ക്കുന്നതാണ് മനുഷ്യന്റെ പൊതുസ്വഭാവം. വിവേകപൂർവം അതുവിട്ടുയരാനുള്ള ആവേശവും ഉത്സാഹവും കടഞ്ഞെടുക്കാൻ ശീലിയ്ക്കണം. (പേജ് 123)

വേദാന്തസാഹിത്യം പ്രതിപാദിച്ചു പ്രചരിപ്പിയ്ക്കുന്ന സുവിദിതനായ സംന്യാസനിഷ്ഠനാണ് സ്വാമി ഭൂമാനന്ദതീർഥർ. 23-ാം വയസ്സിൽ സംന്യാസവൃത്തി സ്വീകരിച്ചതോടെ അദ്ദേഹം അവിരതം അനശ്വരജ്ഞാനത്തിന്റെ മഹിമയെ, അസാധാരണമായ ആശയത്തെളിച്ചത്തോടും പ്രായോഗിക മേന്മയോടും കൂടി ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ജിജ്ഞാസുക്കൾക്കു കലവറയില്ലാതെ ഉദ്ബോധിപ്പിച്ചു വരുകയാണ്. സ്വാമിജിയുടെ വാക്കുകൾ ഞെട്ടിയ്ക്കുന്ന യുക്തികൂർമതയോടെയാണ് നാഗരികചിന്തകനെ ഗ്രസിയ്ക്കുന്നതെങ്കിൽ, അനുഭവസാന്ദ്രമായ ആത്മസിദ്ധിയുടെ ഗാഢസ്പർശത്തോടെയാണ് ആത്മാർജിജ്ഞാസുവിനെ ആശ്ലേഷിയ്ക്കുന്നത്.

വിഷയവിവരം

1

1- 30

- വീണ്ടും ആശയത്തെളിച്ചം തേടി ഉദ്ധവൻ
- തത്ത്വചിന്തയിൽ വൈവിധ്യം അനിവാര്യം
- പ്രപഞ്ചതത്ത്വങ്ങൾ എത്ര
- സ്ഥാപിയ്ക്കാവുന്നതെന്തും സമ്മതം
- എല്ലാം ഒന്നാണ് ഒന്നിലുമാണ്
- തത്ത്വജ്ഞൻതന്നെ വേണം ജ്ഞാനമോതാൻ
- ഈശ്വരനും ജീവനും സത്യത്തിൽ വ്യത്യസ്തരല്ല
- കൃഷ്ണൻ നിരത്തുന്ന ഗുണസംഖ്യ
- ഗുണസംഖ്യ കൂടിക്കുറയുന്നതെങ്ങനെ
- വിദ്വാന്മാർക്ക് എന്തും ശോഭനം
- ആത്മാവെ പ്രകൃതിയിൽനിന്ന് എങ്ങനെ അടർത്താം
- അനേകം നില്ക്കുന്നത് ഏകത്തിൽ
- ആത്മാ വെളിച്ചത്തെ കാട്ടിത്തരുന്ന ഉൾപ്രകാശം
- തർക്കം ആത്മാവെ ഉണരായ്കയാൽ

2

31-58

- വ്യത്യസ്തതകൾക്കുള്ള ഹേതു പരിഹാരം
- വിഷയാവേശത്താൽ വിഷയിയെ മറക്കയോ
- സർവസ്രഷ്ടാ ഇന്ദ്രിയനാഥനായ മനസ്സ്
- ജനനമരണങ്ങൾ നിരന്തരം നടക്കുന്നവ
- ദീപനാളനദീപ്രവാഹസമം സൃഷ്ടി
- ലോകവസ്തുക്കളിൽ തീരെ സ്ഥായിത്വമില്ല
- പരദേഹംപോലെ സ്വദേഹവും
- പിതൃപുത്രന്മാർവേണം മരണജന്മം ഊഹിയ്ക്കാൻ
- ദ്രഷ്ടൃദൃശ്യവിവേചനമില്ലായ്മ സർവവിഷമം
- കളികാണുന്നോൻ കളിക്കാരനാകയോ
- ഐന്ദ്രിയദൃശ്യം സ്വപ്നസമം മിഥ്യ
- ആത്മാഗ്രഹണം സുഖദുഃഖപീഡനഹേതു
- പ്രകൃതിയെ ജയിച്ച് വാഴാൻ ശീലിയ്ക്കുക

3

59-86

- ☐ അധ്യാത്മത്താലേ താപത്രയം നീങ്ങൂ
- ☐ ദുഷ്ടദ്രോഹം ആർക്കും അസഹ്യം
- ☐ ഇതിഹാസകഥനത്തിന്റെ മാസ്മരസാന്ത്വനം
- ☐ ഉന്നതജന്മം വ്യർഥമാക്കിയ അവന്തിവിപ്രൻ
- ☐ അറുപിശുക്ക് അണച്ച അനർഥക്കൂമ്പാരം
- ☐ പഞ്ചമഹായജ്ഞം നിത്യപ്രസക്തം
- ☐ അന്യർ കവർന്നു ദൈവം ചോർത്തി
- ☐ ദുർഗതിയിൽ തുണ സ്വമനസ്സുമാത്രം
- ☐ ധനം വരുത്തുന്ന പതിനഞ്ച് ദോഷങ്ങൾ
- ☐ യക്ഷവിത്തന് എന്നും നാശം
- ☐ ഭഗവത്പ്രീതിതന്നെ അന്തിമാശ്രയം

4

87-124

- ☐ ഭിക്ഷുവൃത്തി തുണച്ച അഭയം
- ☐ അപ്പോഴും അനുഗമിച്ച ജനദ്രോഹം
- ☐ പീഡനം മീട്ടിയ ഉൾഗാനം
- ☐ വ്യസനിപ്പിയ്ക്കുന്നത് സ്വന്തം മനസ്സുതന്നെ
- ☐ മനസ്സിന്റെ മായാരചന
- ☐ സർവനിഷ്ഠകളും മനോനിഗ്രഹാർഥം
- ☐ മനസ്സിനെ വശപ്പെടുത്തോൻ ദേവദേവൻ
- ☐ ദേഹത്തെ പുല്കുന്ന ഉള്ളിരുളിൽ വലയരുതേ
- ☐ പല്ല് നാവിനെ കടിച്ചാൽ കുറ്റമാർക്ക്
- ☐ ഏകാത്മാവിനെ ആർ ഉപദ്രവിയ്ക്കാൻ
- ☐ കർമവും കാലവും സുഖദുഃഖഹേതുവോ
- ☐ ആത്മനിഷ്ഠതന്നെ സർവവിഷമഹരം
- ☐ രസിച്ചുപാടിയ ആത്മഗാനം
- ☐ ബുദ്ധി മനസ്സിനെ നിഗ്രഹിയ്ക്കട്ടെ

5
125-154

- സാംഖ്യം തത്ത്വവിചാരോദ്ദീപകം
- സൃഷ്ടിയാരംഭം ജ്ഞാനപ്പടർപ്പിൽനിന്ന്
- ഭക്തിയോഗംതന്നെ എന്നും മികച്ചത്
- ഉയർത്തിത്താഴ്ത്തുന്ന ഗുണസ്വാധീനങ്ങൾ
- എപ്പോഴുമുള്ളത് ഉണ്മ
- സർഗം സിദ്ധിയ്ക്കുമ്പോലെ നഷ്ടവുമാകും
- പ്രലയത്തിലെ സംഭവക്രമം
- തിരഞ്ഞുതിരഞ്ഞുവേണം തിരച്ചിൽ നില്ക്കാൻ

155-160 - അനുക്രമണിക

1

- വീണ്ടും ആശയത്തെളിച്ചം തേടി ഉദ്ധവൻ
- തത്ത്വചിന്തയിൽ വൈവിധ്യം അനിവാര്യം
- പ്രപഞ്ചതത്ത്വങ്ങൾ എത്ര
- സ്ഥാപിയ്ക്കാവുന്നതെന്തും സമ്മതം
- എല്ലാം ഒന്നാണ് ഒന്നിലുമാണ്
- തത്ത്വജ്ഞൻതന്നെ വേണം ജ്ഞാനമോതാൻ
- ഈശ്വരനും ജീവനും സത്യത്തിൽ വ്യത്യസ്തരല്ല
- കൃഷ്ണൻ നിരത്തുന്ന ഗുണസംഖ്യ
- ഗുണസംഖ്യ കൂടിക്കുറയുന്നതെങ്ങനെ
- വിദ്വാന്മാർക്ക് എന്തും ശോഭനം
- ആത്മാവെ പ്രകൃതിയിൽനിന്ന് എങ്ങനെ അടർത്താം
- അനേകം നില്ക്കുന്നത് ഏകത്തിൽ
- ആത്മാ വെളിച്ചത്തെ കാട്ടിത്തരുന്ന ഉൾപ്രകാശം
- തർക്കം ആത്മാവെ ഉണരായ്കയാൽ

വീണ്ടും ആശയത്തെളിച്ചം തേടി ഉദ്ധവൻ

ബുദ്ധിയുള്ള മനുഷ്യനിൽ ജിജ്ഞാസ അവസാനിക്കില്ല. അറിയാനുള്ള കൗതുകം അനിഷേധ്യമാണ് ബുദ്ധിയ്ക്ക്. അറിവ് മുഴുവനായെന്ന തോന്നൽ എളുപ്പമല്ല. കാരണം, ചുറ്റുമുള്ള ലോകം വൈവിധ്യബഹുലമാണ്. പഞ്ചഭൂതങ്ങളിൽനിന്നു തുടങ്ങി പാഞ്ചഭൗതിക വസ്തുക്കളും പ്രകടനങ്ങളും ഇത്രയെന്നു പറയാനാവില്ല.

ഒരു വസ്തുവെ സൂക്ഷ്മമായി പരിശോധിച്ച് ഉള്ളിലേയ്ക്ക് ഇറങ്ങിപ്പോകുമ്പോൾ, അവിടെയും കാണുന്നത് അമ്പരപ്പിയ്ക്കുന്ന സങ്കീർണതയാണ്. ബാഹ്യമായി ഇന്ദ്രിയങ്ങൾക്കു ഗോചരമായ ലോകത്തിൽ സമ്പർക്കംനടത്തിയോ പരിശോധിച്ചോ ചെല്ലുന്നപക്ഷം, അന്തമില്ലാത്ത വൈവിധ്യവും, അനന്ത ദൂരങ്ങളും വസ്തുക്കളുമാണ് കാണുക. ഇവയെല്ലാറ്റേയും കുറിച്ച് എപ്പോഴും മനുഷ്യബുദ്ധിയ്ക്ക് അന്വേഷിയ്ക്കാം. ബാഹ്യമായി ദൃശ്യപ്രപഞ്ചവും, ആന്തരമായി സ്വന്തം സൂക്ഷ്മവ്യക്തിത്വവും ഒരുപോലെ ബുദ്ധിയെ വെല്ലുവിളിച്ചുനില്ക്കുന്നതത്രെ.

ശരീരത്തിന്റെ ഉള്ളിലുള്ള മനസ്സ് ഒന്ന്, അതു പുറപ്പെടുവിയ്ക്കുന്ന ചിന്തകളും വികാരങ്ങളും ഭാവഭാവനകളും അസംഖ്യവും! എങ്ങനെ എവിടെനിന്നു മനസ്സ് ഇത്രയധികം ഇനങ്ങൾ രചിച്ചുകൂട്ടുന്നു, അവയെ എവിടെ വെയ്ക്കുന്നു, വെച്ചതിന് എന്തു സംഭവിയ്ക്കുന്നു? ഈ ഒരൊറ്റ

ചോദ്യവും അന്വേഷണവുംമതി നമ്മുടെ ഉൾവ്യക്തിത്വത്തിന്റെ സങ്കീർണതയും അനന്തതയും മനസ്സിലാക്കാൻ.

അതുപോലെതന്നെ ബാഹ്യപ്രപഞ്ചത്തിൽ എത്രകാലം സഞ്ചരിച്ചാലും ഒരതിർത്തിയിൽ എത്താനാകില്ലെന്നു പറയുമ്പോൾ, പ്രപഞ്ചത്തിന്റെ ഭീമാകാരതയും ദുരൂഹതയും എത്രയുണ്ടെന്നു സ്പഷ്ടമാകുന്നു. ഇങ്ങനെ പുറത്തും അകത്തും ഒരുപോലെ മുറ്റിനില്ക്കുന്ന പ്രഗല്ഭതയ്ക്കു മുമ്പിലാണ് ബുദ്ധിയും അതിന്റെ ജിജ്ഞാസയും നിലകൊള്ളുന്നത്. അതുകൊണ്ട് ഏതു തുറയിലും ചിന്താഗതി ഒന്നല്ല, എത്രയോ അധികമാകാം.

ആരാർ എത്രയെത്ര ചിന്തിയ്ക്കുന്നുവോ, വിചാരംചെയ്തു ചൂഴ്ന്നിറങ്ങുന്നുവോ, അത്രയത്രയാണ് ഫലങ്ങളും, അവവഴി ഉരുത്തിരിയുന്ന തത്ത്വമൂല്യസിദ്ധാന്തങ്ങളും. അങ്ങനെവരുമ്പോൾ പ്രപഞ്ചത്തെ നോക്കി സ്വന്തം ഉൾവ്യക്തിത്വത്തിൽ ഇറങ്ങിച്ചെന്നു മനുഷ്യൻ കണ്ടുപിടിയ്ക്കുന്ന കാര്യങ്ങൾ ഞെട്ടിയ്ക്കുംവിധം വിവിധമേ ആകൂ. ഈ പശ്ചാത്തലത്തിലാണ് ഉദ്ധവൻ കൃഷ്ണനോട് ഇനിയും ആശയത്തെളിച്ചം ആവശ്യപ്പെടുന്നത്.

ഒരേ വേദങ്ങൾ വായിച്ച് പലരും അവയെ പലതരത്തിലും മനസ്സിലാക്കി നിരവധി കർമവിശേഷങ്ങൾ ആവിഷ്കരിച്ച് അനുധാവനം ചെയ്തു കാണുന്നു. അതെന്തോ ആകട്ടെ. ബുദ്ധിയും ആത്മാർഥതയുമുള്ളവർ എന്തുതന്നെ പറഞ്ഞാലും, വേദങ്ങൾ ഓതുന്ന സത്യം ഒന്നേ ഒന്നാണ്. **ഏകം സത് വിപ്രാ ബഹുധാ വദന്തി.** സത്യം ഒന്നേ ഉള്ളൂ, വിപ്രന്മാർ അതിനെ പലവിധത്തിൽ പറയുകയാണെന്നു കരുതി സ്വന്തം അന്തരംഗത്തിൽ അമർന്ന് ഇരിയ്ക്കുന്നവരുമുണ്ട്.

വേദം ഉണ്ടായകാലം മുതൽ അതു കർമപരവും ജ്ഞാനപരവുമാണെന്ന വാദം നിലനിന്നുപോരുന്നു. അങ്ങനെ പലതും ഉണ്ടെങ്കിലും എല്ലാംകൂടി ഒന്നു മാത്രമേയുള്ളൂ, അതാണ് പരമാത്മാ, പരബ്രഹ്മം, പരമേശ്വരൻ എന്നു കൃഷ്ണൻ വ്യക്തമാക്കി. അതിനുശേഷമാണ് ഉദ്ധവൻ തത്ത്വങ്ങളെക്കുറിച്ചുള്ള ഭിന്നമതങ്ങളെപ്പറ്റി അന്വേഷിയ്ക്കുന്നത്.

സനാതനധർമം എത്രകണ്ട് ചിന്താവൈവിധ്യവും വിചാരബാഹുല്യവും അനുവദിയ്ക്കുന്നുവെന്നതിനു തുറന്ന തെളിവാണ് ഇത്തരം ചോദ്യവും അതിനുള്ള മറുപടിയും.

ഉത്തമ ജിജ്ഞാസുവും സാധകനും അതിനാൽ, ഈ വൈവിധ്യങ്ങളൊക്കെ അവിടെ ഉണ്ടായിക്കൊള്ളട്ടെ, തനിയ്ക്കു വേണ്ടത് എന്താണ്, എങ്ങനെയായാൽ മനസ്സിനു ശാന്തിയും സമാധാനവും ഉണ്ടാകും, ബുദ്ധിയ്ക്കു തെളിച്ചവും ശമനവും കൈവരും എന്നു മാത്രമേ ആലോ

ചിയ്ക്കേണ്ടതുള്ളൂ. തേടേണ്ടത് ഉള്ളിലാണ്. മനസ്സിലും ബുദ്ധിയിലും ആകണം കേന്ദ്രീകരണം. ചോദ്യങ്ങൾ ഉന്നയിയ്ക്കുന്ന ബുദ്ധിയിൽത്തന്നെ കേന്ദ്രീകരിയ്ക്കുക, ചിന്തകൾ തൊടുക്കുന്ന മനസ്സിൽ ചുഴിഞ്ഞു ചെല്ലുക. അങ്ങനെവന്നാൽ പരമാത്മപദത്തിലെത്തുക എളുപ്പമാകും.

ഉദ്ധവൻ പറഞ്ഞു :

കതി തത്ത്വാനി വിശ്വേശ
സംഖ്യാതാന്യൃഷിഭിഃ പ്രഭോ
നവൈകാദശ പഞ്ച ത്രീണി-
ആത്ഥ ത്വമിഹ ശുശ്രുമ (11.22.1)

അന്വയം: **വിശ്വേശ പ്രഭോ ഋഷിഭിഃ കതി തത്ത്വാനി ഇഹ സംഖ്യാതാനി നവ ഏകാദശ പഞ്ച ത്രീണി ത്വം ആത്ഥ (വയം) ശുശ്രുമ.**

വിശ്വനാഥ, പ്രഭോ, മഹർഷികളാൽ ഈ ലോകത്തിൽ എത്ര തത്ത്വങ്ങളാണ് ഗണിയ്ക്കപ്പെട്ടിട്ടുള്ളത്. ഒമ്പത്, പതിനൊന്ന്, അഞ്ച്, മൂന്ന് എന്നിങ്ങനെ അങ്ങ് പറഞ്ഞതു നമ്മൾ കേട്ടു.

☐ തത്ത്വചിന്തയിൽ വൈവിധ്യം അനിവാര്യം

പലതരം വിധിനിഷേധങ്ങളുമുള്ള വേദങ്ങൾ പ്രവൃത്തിമാർഗത്തെയാണ് ആദ്യമായി നിർദേശിയ്ക്കുന്നത്. പക്ഷേ അതു ലക്ഷ്യപ്രാപ്തിയ്ക്ക് ഉതകില്ലെന്നു മനസ്സിലാക്കി ഉൾവ്യക്തിത്വത്തിൽ ഇറങ്ങിച്ചെല്ലുന്ന നിവൃത്തിമാർഗമാണ് അവസാനം ഉറപ്പിച്ചുനിർദേശിയ്ക്കുന്നത്.

അങ്ങനെയായാലും വേദങ്ങളെ പലരും പലതരത്തിലും മനസ്സിലാക്കി പലതും ചെയ്യുന്നുണ്ട്. അതു ശരിയല്ല. വേദങ്ങളുടെ അന്തിമോദ്ദേശം വെളിപ്പെടുന്നത് ഉപനിഷത്തുകളിലാണ്. അത് അന്തരാത്മികമാണുതാനും. ഉപനിഷത്സന്ദേശം കൈപ്പറ്റി മനുഷ്യൻ സമാധാനവും ശാന്തിയും സാഫല്യവും കൈവരിയ്ക്കണം. അതാണ് നിവൃത്തിമാർഗം എന്നു വ്യക്തമാക്കി. അതുപോലെയുള്ള സമീപനമാണ് ലോകത്തെക്കുറിച്ചുള്ള പലതരം സംഖ്യാനിരൂപണത്തെപ്പറ്റിയും കൃഷ്ണനു പറയാനുള്ളത്.

എല്ലാ ചിന്താഗതികളുടേയും പിന്നിൽ സമർഥരും ബുദ്ധിമാന്മാരുമായ തപസ്വികളടക്കമുള്ള മഹർഷിമാരുണ്ട്. ഒന്നിനേയും തെറ്റെന്നു പറഞ്ഞു നിഷേധിയ്ക്കാൻ വയ്യ. മനുഷ്യരിൽ വൈവിധ്യമുള്ളിടത്തോളം, അവർ കണ്ടെത്തുന്ന തത്ത്വങ്ങളും വിവിധമാകാതെ വയ്യ. അങ്ങനെയായാലും അന്തിമമോ നിർണായകമോ ആയ ചിന്താഗതി എന്തെന്ന് അറിയാൻ ഉത്തമജിജ്ഞാസുവിന് അവകാശമുണ്ട്.